എയ്ഡ്സ് രോഗ നിയന്ത്രണ-ആശ്വാസ പ്രവർത്തനങ്ങൾ

113 [3810] *ശ്രീ. സാജു പോൾ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എയ്ഡ്സ് രോഗികൾ വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രോഗം ബാധിച്ചവരായി കണ്ടെത്തിയിട്ടുള്ളവരുടെ ജില്ല തിരിച്ചുള്ള എണ്ണം അറിയിക്കുമോ;

(സി) ഏതെല്ലാം കേന്ദ്ര-സംസ്ഥാന ഏജൻസികളാണ് എയ്ഡ്സ് രോഗ നിയന്ത്രണ-ആശ്വാസ പ്രവർത്തനങ്ങൾ നടത്തി വരുന്നത് എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഏജൻസികൾ എന്തൊക്കെ പരിപാടികളാണ് സംഘടിപ്പിക്കുന്നത് എന്ന് അറിയിക്കുമോ;

(ഇ) പ്രതിവർഷം ചെലവഴിക്കുന്ന തുകയും ചെലവിനങ്ങളും വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

1994 മേയ് വരെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമല്ല. എണ്ണം-86

1994 ജൂൺ മുതൽ 2004 വരെയുള്ള കണക്ക് താഴെ പറയും പ്രകാരമാണ്.

തിരുവനന്തപുരം	. .	249
കൊല്ലം	. .	80
പത്തനംതിട്ട	. .	110
ആലപ്പുഴ	. .	92
കോട്ടയം	. .	156
ഇടുക്കി	. .	52
എറണാകുളം	. .	47
തൃശ്ശൂർ	. .	351
പാലക്കാട്	. .	80
മലപ്പുറം	. .	65
കോഴിക്കോട്	. .	297
വയനാട്	. .	31
കണ്ണൂർ	. .	273
കാസർഗോഡ്	. .	34
ആകെ	. .	2003

LIBRARY ARCHIVES Kerala Legislative Assembly

(സി) കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള നാഷണൽ എയ്ഡ്സ് കൺട്രോൾ ഓർഗനൈസേഷന്റേയും സംസ്ഥാന ഗവൺമെന്റിന്റെ ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടേയും നേതൃത്വത്തിലാണ് രോഗ നിയന്ത്രണ-ആശ്വാസ പ്രവർത്തനങ്ങൾ നടത്തിവരുന്നത്.

(ഡി) പ്രസ്തുത ഏജൻസികളുടെ പരിപാടികൾ താഴെപറയുന്ന 5 പ്രധാന ഘടകങ്ങളായി തരം തിരിച്ചിരിക്കുന്നു.

1. എയ്ഡ്സ് രോഗം ബാധിക്കാൻ സാദ്ധ്യത കൂടുതൽ ഉള്ളവരുടെ ഇടയിലുള്ള ലക്ഷ്യവേദിയായ പ്രവർത്തനങ്ങൾ, ലൈംഗിക രോഗങ്ങളുടെ ചികിത്സയും വ്യാപനം തടയലും, ഉറയുടെ ഉപയോഗം വർദ്ധിപ്പിക്കൽ.

2. സന്നദ്ധ സംഘടനകളുടെ സഹായത്തോടെയുള്ള സ്വഭാവ വ്യതിയാനത്തിനുള്ള പ്രവർത്തനങ്ങൾ.

3. സാമാന്യ ജനങ്ങൾക്കിടയിൽ എയ്ഡ്സിനെപ്പറ്റി അവബോധം വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ, രക്ത ബാങ്കുകളുടെ നവീകരണവും ദൈനംദിന പ്രവർത്തനങ്ങളും, സ്വമേധയാ രക്തപരിശോധനയ്ക്കുള്ള സംവിധാനം, അമ്മയിൽനിന്നും കുഞ്ഞിലേക്കുള്ള രോഗ സംക്രമണം തടയൽ, സൗജന്യ മരുന്നു വിതരണം.

4. എയ്ഡ്സ് രോഗികളുടെ പരിപാലനവും ശുശ്രൂഷയും.

5. സാമൂഹ്യക്ഷേമം, വിദ്യാഭ്യാസം, ജയിൽ, റെയിൽവേ തുടങ്ങിയ വകുപ്പുകളുമായി സഹകരിച്ച് എയ്ഡ്സ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ഏകോപനം നൽകുകയും, പ്രവർത്തികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്യൽ.

(ഇ) കഴിഞ്ഞവർഷ ചെലവിനങ്ങളും ചെലവഴിച്ച തുകയും ചുവടെ ചേർക്കുന്നു.

1. എയ്ഡ്സ് രോഗം ബാധിക്കാൻ സാദ്ധ്യതയുള്ളവർക്കിടയിലെ ലക്ഷ്യവേദിയായ പ്രവർത്തനങ്ങൾക്കും, ലൈംഗിക രോഗ ചികിത്സാ കേന്ദ്രങ്ങളുടെ പ്രവർത്തനത്തിനും ഉള്ള ചെലവ്-23.63 ലക്ഷം.

2. പൊതുജന അവബോധം, രക്തസുരക്ഷ, രക്തബാങ്കുകളുടെ പ്രവർത്തനം, വോളന്ററി കൗൺസിലിംഗ് ആന്റ് ടെസ്റ്റിംഗ് സെന്റർ അമ്മയിൽ നിന്നു കുഞ്ഞിലേക്ക് എച്ച്. ഐ. വി. അണുവ്യാപനം തടയുന്ന പദ്ധതി-250.41 ലക്ഷം.

3. എയ്ഡ്സ് രോഗങ്ങൾക്ക് വരാവുന്ന അനുബന്ധ രോഗങ്ങൾക്കുള്ള മരുന്നുകളുടെ ചിലവ്, സംരക്ഷണ കേന്ദ്രങ്ങളുടെ ചെലവ്, മറ്റു മരുന്നുകളുടെ ചെലവ്—78.73 ലക്ഷം.

LIBRARY ARCHIVES Kerala Legislative Assembly

4. രോഗവ്യാപ്തി, നിർണ്ണയം, പരിശീലനപദ്ധതികൾ, ശമ്പളം തുടങ്ങിയവ—130.35 ലക്ഷം.

5. വിവിധ വകുപ്പുകൾ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളുടെ ചിലവ്—0.42 ലക്ഷം.

എയ്ഡ്സ് ബാധിതരുടെ കണക്ക്

114 [3812] *ശ്രീ ഡി. സുഗതൻ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 1990 മുതൽ 2004 വരെ എത്ര ആളുകൾക്ക് എയ്ഡ്സ് ബാധിച്ചതായി കണ്ടെത്തിയിട്ടുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ആയതിൽ എത്ര പുരുഷൻമാർ, എത്ര സ്ത്രീകൾ, എത്ര കുട്ടികൾ എന്ന് വ്യക്തമാക്കാമോ;

(സി) 1990 മുതൽ 2004 വരെ എത്ര പേർ എയ്ഡ്സ്മൂലം മരണപ്പെട്ടുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2003 പേർക്ക് എയ്ഡ്സ് ബാധിച്ചതായി സ്ഥിതീകരിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

1990 മുതൽ 1994 മേയ് വരെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമല്ല.

1994 ജൂൺ മുതൽ 2004 വരെയുള്ളത്

തിരുവനന്തപുരം	. . .	249
കൊല്ലം	. .	80
പത്തനംതിട്ട	. .	110
ആലപ്പുഴ	. .	92
കോട്ടയം	. .	156
ഇടുക്കി	. .	52
എറണാകുളം	. .	47
തൃശ്ശൂർ	. .	351
പാലക്കാട്	. .	80
മലപ്പുറം	. .	65
കോഴിക്കോട്	. .	297
വയനാട്	. .	31
കണ്ണൂർ	. .	273
കാസർഗോഡ്	. .	34
ആകെ	. .	2003

GPM. 2/256/2012—20

LIBRARY ARCHIVES Kerala Legislative Assembly